**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 491** **08-11-2021 - ൽ മറുപടിയ്ക്ക്**

**റിസ്ക് ഫണ്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ്,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം റിസ്ക് ഫണ്ട് പദ്ധതിയിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും എത്ര പേർക്ക് ധനസഹായം നൽകിയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 30-09-2021 വരെ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം 4378 അപേക്ഷകർക്കായി 34.09 കോടി രൂപ ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) | വായ്പയെടുത്ത ശേഷം കോവിഡ് ബാധിച്ച് മരിച്ചവർക്ക് റിസ്ക് ഫണ്ടിന് അർഹതയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ? | (ബി) | കേരളത്തിലെ വിവിധ വായ്പാസഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാകാലാവധിയിലോ വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ബോർഡിന്റെ നിയമാവലി നിബന്ധനകൾക്ക് വിധേയമായി കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചുവരുന്നുണ്ട്. കോവിഡ് മൂലം മരണപ്പെടുന്ന വായ്പാക്കാർക്കായി പ്രത്യേകം വ്യവസ്ഥകൾ ഒന്നും തന്നെ നിയമാവലിയിൽ ഉൾക്കൊള്ളിച്ചിട്ടില്ലെങ്കിലും സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുത്ത ശേഷം കോവിഡ് മൂലം മരണപ്പെടുന്ന വായ്പാക്കാർക്കെല്ലാം തന്നെ ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായി മരണാനന്തര സഹായം ലഭിക്കുന്നതിന് അർഹതയുള്ളതാണ്. |

സെക്ഷൻ ഓഫീസർ